കടപ്പത്രമായി ലഭിച്ച തുകയുടെ വിനിയോഗം

48 (1103) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച കടപ്പത്രവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിൽ ഉണ്ടോ ;

(ബി) കേസ്സിന് ആസ്പദമായിട്ടുള്ള സംഗതികൾ എന്തെല്ലാമാണ് ;

(സി) കടപ്പത്രം വഴി സമാഹരിച്ച പണം കടമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കോ നൽകുമ്പോൾ അത് തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അതിനുള്ള ഉത്തരവാദിത്വം ചീഫ് എക്സിക്യൂട്ടീവിന് ആയിരിക്കും എന്ന് പറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇത് ഏത് നിലയിൽ പ്രാവർത്തികമാക്കാൻ കഴിയും എന്ന് വിശദമാക്കാമോ ;

(ഡി) ലഭിക്കുന്ന പണം കൂടിയ പലിശയ്ക്ക് മറ്റ് സ്ഥാപനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് റിസർവ് ബാങ്കിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ഇ) കടപ്പത്ര പണമിടപാടുമായി ബന്ധപ്പെട്ട് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുകയോ മറ്റേതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന ചില പ്രധാന വാദഗതികളിൻമേലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്.

1. ഭരണഘടനയുടെ 293-ാം അനുഛേദപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ വായ്പ സമാഹരിക്കുവാൻ പാടുള്ളൂ.

2. ഭരണഘടനയുടെ 202 മുതൽ 207 വരെയുള്ള അനുഛേദ പ്രകാരം ബോർഡ് സമാഹരിക്കുന്ന വായ്പയ്ക്ക് സംസ്ഥാന ഗവൺമെന്റിന് ഗ്യാരന്റി നിൽക്കുന്നത് നിയമവിരുദ്ധമാണ്.

3. റോഡ്, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങളോ, ജോയിന്റ് സെക്ടർ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ സമാഹരിക്കുന്ന നിധി ഈവിഭാഗങ്ങളിൽ ഉപയോഗിക്കാൻ കഴിയില്ല.

4. സമാഹരിക്കുന്ന തുക ട്രഷറികളിലും ബാങ്കുകളിലും നിക്ഷേപിക്കുന്നത് ഗവൺമെന്റിന്റെ ധനവിനിയോഗത്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

(5) ബോർഡ് രൂപീകരിച്ചിരിക്കുന്നത് ബാങ്കിതരധനകാര്യ സ്ഥാപനത്തിന്റെ രൂപത്തിലായതിനാൽ റിസർവ് ബാങ്കിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.

(സി) ഉണ്ട്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സംയുക്ത മേഖലാ സ്ഥാപനങ്ങൾ മുതാലയവയ്ക്ക് പണം കടമായി നൽകുന്നത് 'ഇപ്ലിമെന്റേഷൻ ആന്റ് പെർഫോർമൻസ് കോൺട്രാക്ട്' (ഐ. പി. സി.) എന്ന ഒരു ഉടമ്പടി അനുസരിച്ചാണ്. ഈ ഉടമ്പടി പ്രകാരം വീഴ്ചവരുത്തുന്നവർക്കെതിരെ നടപടിയെടുക്കുവാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കും.

(ഡി) സ്വീകാര്യമായ പ്രോജ്ക്ടുകൾ ഹാജരാക്കുന്ന സ്ഥാപനങ്ങൾക്ക് കടം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ നൽകുന്നതിന് ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് പോലുള്ള സ്ഥാപനങ്ങൾക്ക് റിസർവ് ബാങ്കിന്റെ അനുമതി തേടേണ്ട ആവശ്യമില്ല.

(ഇ) ഇത് പ്രൈവറ്റ് പ്ലെയിസ്മെൻറ് ബോണ്ട് ആയതിനാൽ ലിസ്റ്റ് ചെയ്യേണ്ട ആവശ്യം ഇല്ല.

സർക്കാർ നൽകിയിട്ടുള്ള ഗ്യാരന്റി

49 (1104) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 നവംബർ 30 വരെ എത്ര കോടി രൂപയുടെ ഗ്യാരന്റി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ലഭ്യമായ കണക്കുപ്രകാരം 6050.94 കോടി രൂപയ്ക്ക് ഗ്യാരന്റി നൽകിയിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ മൂലധനത്തിന് നീക്കിവച്ച തുക

50 (1105) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1997-98, 1998-99 വർഷങ്ങളിൽ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ച വാർഷിക പദ്ധതിയിൽ എന്ത് തുക വീതം മൂലധന ചെലവിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്ലാനിംഗ് കമ്മീഷൻ വാർഷിക പദ്ധതിക്ക് തുക അനുവദിക്കുമ്പോൾ മൂലധന ചെലവിലേയ്ക്കായി പ്രത്യേകം അനുവദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly